കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ചെന്നിത്തല-തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്ത്- പാലിയേറ്റീവ് കെയർ പ്രവർത്തനത്തിനായി മിനി ആംബുലൻസ് വാങ്ങൽ (പ്രോജക്ട് നമ്പർ.162/18) അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.930/18/തസ്വഭവ തിരുവനന്തപുരം, തീയതി, 31.03.2018

വായന:- 1) ചെന്നിത്തല-തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21/12/2017 ലെ സി.1/419/17 നമ്പർ കത്ത്.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 21/03/18 ലെ പ്രത്യേക വിഷയങ്ങളിലെ തിരുമാനം നമ്പർ 4.12

## ഉത്തരവ്

ചെന്നിത്തല-തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്ത് പാലിയേറ്റീവ് കെയർ പ്രവർത്തനത്തിനായി മിനി ആംബുലൻസ് വാങ്ങൽ 5 ലക്ഷം രൂപ (പ്രോജക്ട് നമ്പർ.162/18) എന്ന പ്രോജക്ടിന് അനുമതി നൽകണമെന്ന് ചെന്നിത്തല-തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മുകളിൽ വായിച്ച കത്ത് പ്രകാരം അപേക്ഷിച്ചിരുന്നു.

2) മുകളിൽ മൂന്നാമതായി വായിച്ച വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 21/03/18 ലെ തിരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചെന്നിത്തല-തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്ത് പാലിയേറ്റീവ് കെയർ പ്രവർത്തനത്തിനായി മിനി ആംബുലൻസ് വാങ്ങൽ 5 ലക്ഷം രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) (പ്രോജക്ട് നമ്പർ.162/18) എന്ന പ്രോജക്ടിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രസിഡന്റ്/സെക്രട്ടറി, ചെന്നിത്തല-തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്ത്
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
ത.സ്വ.ഭ(ഡി.എ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ